**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1623** **08-02-2023 - ൽ മറുപടിയ്ക്ക്**

**പുതിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ കെ വിജയൻ** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കൃഷി വകുപ്പ് നടപ്പിലാക്കി വരുന്ന പുതിയ പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കൃഷി വകുപ്പ് നടപ്പിലാക്കി വരുന്ന പുതിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**കൃഷിയിടാധിഷ്ഠിത ആസൂത്രണ വികസന സമീപനം -** സംസ്ഥാനത്തു കാർഷിക വിളകളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ആയതിലൂടെ കർഷകരുടെ വരുമാനം മെച്ചപ്പെടുന്നതിനുമായി ഈ സാമ്പത്തിക വർഷത്തിൽ നടപ്പാക്കുന്ന പുതിയ പദ്ധതികളാണ് കൃഷിയിടാസൂത്രണാധിഷ്ഠിത വികസന സമീപനത്തിൽ ഉൾപ്പെട്ട പദ്ധതികൾ. കർഷകരുടെ വരുമാനം, സുസ്ഥിരത, ഭക്ഷ്യസുരക്ഷ, പാരിസ്ഥിതിക സ്ഥിരത എന്നിവ മെച്ചപ്പെടുത്തുന്നതിന് ഇപ്പോൾ പിന്തുടരുന്ന വിള-കേന്ദ്രീകൃത സമീപനത്തിൽ നിന്നും 'ഫാം പ്ലാൻ' അധിഷ്ഠിത വികസന സമീപനം ഈ സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കിവരുന്നു. ഓരോ കൃഷിഭവനുകീഴിലും 10 കൃഷിയിടങ്ങൾ വീതം തെരഞ്ഞെടുത്ത് ആവശ്യമനുസരിച്ച് സാങ്കേതിക-സേവന-ഉല്പാദനോപാധികൾ നൽകികൊണ്ട് അവയുടെ സമഗ്ര കാർഷിക വികസനമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.<br><br>**ഞങ്ങളും കൃഷിയിലേക്ക് -** സംസ്ഥാനത്തെ ഓരോ വ്യക്തിയെയും കൃഷിയിലേക്ക് ആകർഷിക്കുവാനും സ്വന്തമായി കൃഷി ചെയ്യുന്നതിന് പ്രേരണ നൽകുന്നതിനും അതുവഴി കാർഷികമേഖലയിൽ ജനകീയ മുന്നേറ്റം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ "ഞങ്ങളും കൃഷിയിലേക്ക്" എന്ന പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി ഉല്പാദനം, സേവനം, മൂല്യവർദ്ധനവ്, വിപണി എന്നീ മേഖലകളിലായി 25,887 കൃഷിക്കൂട്ടങ്ങൾ രൂപീകരിക്കുകയുണ്ടായി. ചിങ്ങം 1 (2022 ഓഗസ്റ്റ് 17) കർഷകദിനത്തോടനുബന്ധിച്ച് 102314 കൃഷിയിടങ്ങളിൽ പുതുതായി കൃഷി ആരംഭിച്ചു. |

പച്ചക്കറി, നെല്ല്, വാഴ, കിഴങ്ങുവർഗ്ഗ വിളകൾ, തെങ്ങ്, കവുങ്ങ്, എന്നീ കൃഷിയ്ക്കും മൂല്യ വർദ്ധനവിനും വിപണനത്തിനായും പ്രസ്തുത കൃഷിക്കൂട്ടങ്ങൾ പ്രവർത്തിച്ച് വരുന്നു.

**സ്മാർട്ട് കൃഷി ഭവൻ** - ഉല്പാദനം, വിപണനം, സംസ്കരണം, വായ്പാ പിന്തുണ, ഇൻഷ്വറൻസ് തുടങ്ങി കൃഷിയുടെ എല്ലാ മേഖലകളിലും കർഷകർക്ക് പരമാവധി സേവനം ലഭ്യമാക്കുന്നതിനായി കൃഷി ഭവനുകളുടെ പ്രവർത്തനക്ഷമത മെച്ചപ്പെടുത്തുക, അടിസ്ഥാനസൗകര്യ വികസനം എന്നിവ ലക്ഷ്യമിട്ട് കൃഷിഭവനുകളെ 'സ്മാർട്ട് കൃഷി ഭവനുകളായി' പരിഷ്കരിക്കുന്നതിനുള്ള നടപടികൾക്ക് തുടക്കമിട്ടു.

**കൃഷിശ്രീ സെന്ററുകളുടെ സ്ഥാപനം** - കാർഷിക യന്ത്രവത്കരണ മേഖലയിൽ ഏകജാലക സംവിധാനങ്ങളായ 20 കൃഷിശ്രീ സെന്ററുകൾ ആരംഭിക്കുവാനുള്ള നടപടികൾക്ക് 2022 ൽ തുടക്കമിട്ടു. കാർഷിക രംഗത്തെ തൊഴിലാളി ക്ഷാമം പരിഹരിക്കുക എന്നതാണ് ഈ പദ്ധതികളുടെ പ്രധാന ലക്ഷ്യം. കൂടാതെ കാർഷിക മേഖലയിൽ യന്ത്രോപകരണങ്ങളുടെ ഉപയോഗം വ്യാപിപ്പിക്കുക, കാർഷിക മേഖലയ്ക്ക് ആവശ്യമായ സഹായങ്ങളും സേവനങ്ങളും മിതമായ നിരക്കിൽ കർഷകർക്ക് നല്കുക, തൊഴിലാളി കുറവ് മൂലം തരിശായികിടക്കുന്ന കൃഷിയിടങ്ങൾ കൃഷി യോഗ്യമാക്കുക, കാർഷിക മേഖലയിലെ ഉല്പാദനം, വിതരണം എന്നീ മേഖലകളിൽ ഇടപെടുക തുടങ്ങിയവയും ഈ പദ്ധതിയുടെ പ്രധാന പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു.

**കേര രക്ഷാ വാരം** - തെങ്ങിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി ശാസ്ത്രീയ വിളപരിപാലന മാർഗ്ഗങ്ങളും, കീടരോഗ നിയന്ത്രണ മാർഗ്ഗങ്ങളും നടപ്പിലാക്കുന്ന കേര രക്ഷാ വാരം പദ്ധതി ഈ സാമ്പത്തിക വർഷം നടപ്പിലാക്കി. പ്രസ്തുത പദ്ധതിയുടെ ഭാഗമായി പയർവർഗ്ഗവിളകളുടെയും, പച്ചിലവളങ്ങളുടേയും ഉപയോഗം വ്യാപിപ്പിച്ച് മണ്ണിന്റെ ഫലഭൂയിഷ്ഠത വർദ്ധിപ്പിക്കുക എന്നതാണ് ലക്ഷ്യം

**കേന്ദ്രാവിഷ്കൃത പദ്ധതിയായ 'പിഎം കുസും'** (PM KUSUM) വഴി കൃഷിയിൽ സൗരോർജ്ജത്തിന്റെ ഉപയോഗം അനർട്ടുമായി സഹകരിച്ച് കൃഷി വകുപ്പ് പ്രോത്സാഹിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. പിഎം കുസുമിന്റെ ഗുണഭോക്താക്കൾക്ക് ഈ വർഷം സംസ്ഥാന ആവിഷ്കൃത പദ്ധതിയായ 'കുട്ടനാട് മേഖലയിലെ കാർഷിക വികസനത്തിനുള്ള പദ്ധതി'

എന്നതിൽ ഉൾപ്പെടുത്തി ടോപ്പ് അപ്പ് സബ്സിഡി നൽകുവാൻ ഉദ്ദേശിക്കുന്നു.

**വിവരസാങ്കേതിക വിദ്യാധിഷ്ഠിത പരിഷ്കാരങ്ങൾ -** നിലവിലെ സാഹചര്യത്തിന്റെ സാങ്കേതികവിദ്യാധിഷ്ഠിത സ്വഭാവം കണക്കിലെടുത്തുകൊണ്ട് നൂതന സാങ്കേതിക വിദ്യയുടെ മേഖലയിലേക്ക് കേന്ദ്രീകൃത സാമ്പത്തിക സഹായവും ആവശ്യമാണ്. ഇതിന്റെ ഭാഗമായി ഇ ഓഫീസ് സംവിധാനം, AIIMS പോർട്ടൽ, K SWIFT തുടങ്ങിയ വിവരസാങ്കേതിക വിദ്യാധിഷ്ഠിത പരിഷ്കാരങ്ങൾ സ്വീകരിച്ചിട്ടുണ്ട്

കാർബൺ തുലിത സംരംഭങ്ങൾ, കാര്യക്ഷമമായ ജല ഉപയോഗം, കൃത്യതാ കൃഷി, പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളുടെ ഉപയോഗം, വനവൽക്കരണ സംരംഭങ്ങൾ, ജൈവ-പ്രകൃതി സൗഹൃദ സംരംഭങ്ങൾ, മണ്ണിന്റെ ആരോഗ്യം പുനഃസ്ഥാപിക്കൽ എന്നിവയാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്ന മറ്റ് പ്രധാന മേഖലകൾ.

**കാർബൺ തുലിത പ്രവർത്തനങ്ങൾക്ക്**

കാർബൺ തുല്യതപ്രവർത്തനങ്ങൾക്ക് പ്രചാരം നൽകുന്നതിന്റെ ഭാഗമായി സ്റ്റേറ്റ് സീഡ് ഫാം ആലുവയെ ഇന്ത്യയിലെ ആദ്യത്തെ കാർബൺ തുലിതാ ഫാം ആയി പ്രഖ്യാപിക്കുകയുണ്ടായി..

**ഫാമുകളുടെ ഉൽപ്പന്നങ്ങൾ ഓൺലൈൻ വിപണിയിലേത്തിക്കൽ**

സർക്കാർ ഫാമുകളിൽ ഉല്പാദിപ്പിക്കുന്ന നടീൽ വസ്തുക്കളും ഉൽപ്പന്നങ്ങളും സ്റ്റേറ്റ് ബയോ കൺട്രോൾ ലബോറട്ടറിയിൽ ഉൽപ്പാദിപ്പിക്കുന്ന ജൈവിക നിയന്ത്രണകാരികളും ഓൺലൈനായി ലഭിക്കത്തക്കവിധം പുതിയ പദ്ധതി നടപ്പിലാക്കി നിലവിൽ ഇത്തരത്തിലുള്ള 66 ഉൽപ്പന്നങ്ങൾ ഓൺലൈൻ വിപണിയിൽ ലഭ്യമാണ്.

**കൃഷി ദർശൻ**

കാർഷിക ബ്ലോക്കുകൾ അടിസ്ഥാനപ്പെടുത്തി കർഷകരുടെ പ്രശ്നങ്ങൾക്ക് ഉടനടി തീർപ്പ കല്പിക്കുന്നതിനും ആ പ്രദേശത്തേക്ക് വേണ്ട ദീർഘ കാലാടിസ്ഥാനത്തിലുള്ള പദ്ധതികളും ആവിഷ്കരിക്കുന്നതിന് കൃഷി മന്ത്രി തന്നെ ഉദ്യോഗസ്ഥരോടും വിദഗ്ധരോടുമൊപ്പം കൃഷിയിടത്തിൽ വെച്ച് നടത്തുന്ന പ്രാദേശിക കാർഷിക വിലയിരുത്തൽ യജ്ഞമാണ്

| | | | |
|---|---|---|---|
| | | | കൃഷിദർശൻ.ഇതുവരെ,തൃശ്ശൂർ ജില്ലയിലെ ഒല്ലൂക്കര, കണ്ണൂർ ജില്ലയിലെ തലശ്ശേരി, തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് എന്നി ബ്ലോക്കുകളിൽ കൃഷിദർശൻ പരിപാടി സംഘടിപ്പിക്കുകയുണ്ടായി.<br><br>**സോഷ്യൽ ഓഡിററിംഗ്**<br><br>കൃഷിവകുപ്പിന്റെ പദ്ധതികൾ കൂടുതൽ ജനകീയമാക്കുന്നതിനും നിർവഹണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ഈ സാമ്പത്തിക വർഷം ആരംഭിച്ച പദ്ധതിയാണ് സോഷ്യൽ ഓഡിററിംഗ് എല്ലാ ജില്ലകളിലും ഇതിനോടകം പൂർത്തികരിച്ചിട്ടുണ്ട് |
| (ബി) | നെല്ലുല്പാദനത്തിൽ എത്രമാത്രം വിജയം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കുമോ? | (ബി) | സാമ്പത്തിക സ്ഥിതി വിവരക്കണക്ക വകുപ്പ് പ്രസിദ്ധീകരിച്ച അഗ്രികൾച്ചർ സ്റ്റാറ്റിസ്റ്റിക്സ് റിപ്പോർട്ട് പ്രകാരം നെല്ലിന്റെ ഉല്പാദനക്ഷമത 2016-17 ൽ ഒരു ഹെക്ടറിൽ 2.547 ടൺ ആയിരുന്നു. ആയത് 2020-21 സാമ്പത്തിക വർഷത്തിൽ 3.09 ടൺ ആയി വർധിപ്പിക്കുവാൻ സാധിച്ചു. 2021-2022 വർഷത്തെ നെല്ലിന്റെ ഉല്പാദന ക്ഷമത സംബന്ധിച്ച അന്തിമ വിവരങ്ങൾ ഇതുവരെ പ്രസിദ്ധീകരിക്കപ്പെട്ടിട്ടില്ല.ഇത് കൂടാതെ നെല്ലിന്റെ സംഭരണ വില 28 രൂപ 20 പൈസയായി വർധിപ്പിച്ചു. നാളിതു വരെ 2.03 ലക്ഷം ടൺ നെല്ല് സംഭരിക്കുന്നതിനായി സാധിച്ചിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ